പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1134 06.06.2018-ൽ മറുപടിക്ക്

# തൊഴിലാളി ക്ഷേമ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>,, എം. നൗഷാദ്<br>,, വി. കെ. സി. മമ്മത് കോയ<br>,, എൻ. വിജയൻ പിള്ള : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) നോക്കുകൂലി സമ്പ്രദായം അവസാനിപ്പിച്ചതോടൊപ്പം തൊഴിലാളികൾ ചെയ്യുന്ന ജോലിക്ക് ന്യായമായ വേതനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) കേരളത്തിലെ ചുമട്ട് തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുവാനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കാനും ലക്ഷ്യമിട്ട് കൊണ്ടുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 30.4.2018-ലെ സ.ഉ.(സാധാ) നം.511/18/തൊഴിൽ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 11 ജില്ലകളിൽ ചുമട്ടുതൊഴിലാളികൾക്കുള്ള കൂലി ഏകീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂലി നിരക്കുകൾ ഏകീകരിച്ചിട്ടില്ലാത്ത ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ പ്രാദേശികമായി ഉണ്ടാക്കുന്ന കരാർ പ്രകാരമുള്ള കൂലി വ്യവസ്ഥയാണ് നിലവിലുള്ളത്. ഇനിയും കൂലി നിരക്കുകൾ ഏകീകരിച്ചിട്ടില്ലാത്ത ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ ആയതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. കയറ്റിറക്ക് തൊഴിലാളികൾക്ക് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള കൂലി നിരക്കുകൾ നൽകേണ്ടതാണെന്ന് തൊഴിലുടമകളെ അറിയിക്കാറുണ്ട്. |
| (ബി) തൊഴിൽ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകി തൊഴിലാളി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (ബി) 2017 വർഷത്തെ ഗ്രേഡിംഗിനായി വിവിധ തലത്തിലുള്ള പരിശോധനകളിലൂടെ സംസ്ഥാനതല കമ്മിറ്റിക്ക് ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഗ്രേഡിംഗ് സർട്ടിഫിക്കറ്റുകളും പുരസ്കാരങ്ങളും നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആദ്യഘട്ടം എന്ന നിലയിൽ |

ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ-റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്വൂവലറികൾ, ഐ.ടി സ്ഥാപനങ്ങൾ, സെക്യൂരിറ്റി എന്നീ 8 മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കിയിട്ടുള്ളത്. ആകെ 941 അപേക്ഷകൾ ലഭിച്ചിരുന്നു. ടി അപേക്ഷകൾ പരിശോധിച്ച് വജ്ര, സുവർണ, രജത ഗ്രേഡുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) തൊഴിലാളി ക്ഷേമ പദ്ധതികൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരുടെ സേവന വേതന വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ? | (സി) തൊഴിലാളി ക്ഷേമ പദ്ധതികൾ കൂടുതൽ വ്യാപിപ്പിക്കുന്നതിന് തൊഴിലാളി ക്ഷേമ ബോർഡുകൾ വഴി നടപടികൾ സ്വീകരിക്കുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. 2018-ൽ മിനിമം വേതന നിയമപ്രകാരം നാളിതുവരെ 15705 സ്ഥാപന പരിശോധനകൾ നടത്തുകയും 1468 പ്രോസിക്യൂഷനും 156 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.